1993-ലാണ് ഇത് പരിശോധിച്ച് തള്ളിയത്. 1993-ൽ 50 രൂപ വരുമാനമുള്ള വർക്ക് ഇതിന് അർഹതയില്ലായിരുന്നു. അദ്ദേഹത്തിന് കൂടുതൽ വരുമാനമുണ്ടായിരുന്നു. അദ്ദേഹത്തിന് വർക്ക്ഷോപ്പിൽ ജോലിയുണ്ടെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തള്ളിയത്. പിന്നീട് പെറ്റിഷൻസ് കമ്മിറ്റിയിലൊക്കെ വന്നു. 50 രൂപ മാസവരുമാനമുള്ളവർക്ക് കേരളത്തിൽ ആർക്കും ഈ സഹായം കിട്ടുകയില്ല. പിച്ചയെടുക്കുന്നവർക്കുമുണ്ടാകുമല്ലോ 50 രൂപ. അതു മാറ്റി പെറ്റിഷൻസ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് ഇപ്പോൾ തീരുമാനമെടുത്തു. ഈവർഷം അതു സംബന്ധിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 24,000 രൂപ വരെ വാർഷികവരുമാനമുള്ളവർക്കും ഈ ആനുകൂല്യം കിട്ടും. ഇത് പരിശോധിക്കാൻ ഒരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. ഈ വായ്പയ്ക്ക് അദ്ദേഹം അർഹനാണെങ്കിൽ അദ്ദേഹത്തിന് കൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : അപ്പോൾ പ്രശ്നം പരിഹരിച്ചു.

(14) കേരള ഹെൽത്ത് സർവ്വീസസ് സ്വസ്ത് സംഘ് യൂണിയൻ നടത്തിയ സെക്രട്ടേറിയറ്റിന് മുന്നിലെ സമരം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, കേരള ഹെൽത്ത് സർവ്വീസസ് മഹിളാ സ്വസ്ത് സംഘ് യൂണിയൻ ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തുകയാണ്. പഴയ നിയമസഭാമന്ദിരത്തിൽനിന്ന് ഇങ്ങോട്ടുവരുന്നതിനു മുൻപ് ഒരു ദിവസം സെക്രട്ടേറിയറ്റ് പടിക്കൽ മൂവായിരത്തോളം വരുന്ന സ്ത്രീകൾ 24 മണിക്കൂർ നീണ്ടുനിന്ന ഒരു അഖണ്ഡ സമരം നടത്തിയതു കണ്ട് അങ്ങുവരെ അത്ഭുതം പ്രകടിപ്പിച്ചത് മറന്നിട്ടുണ്ടാവുകയില്ല. അന്നത്തെ അതേ ആവശ്യങ്ങളുടെ പേരിലാണ് ഇപ്പോഴും സമരം നടത്തുന്നത്. അവർക്ക് രണ്ട് ആവശ്യങ്ങളാണുള്ളത്. ഒന്ന്, ഓണറേറിയം അനുവദിക്കുക. 2 വോളന്റിയർമാർക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുക ഈ സംഘങ്ങളിലോരോന്നിലും പത്തു പതിനഞ്ച് സാമൂഹ്യപ്രവർത്തകരാണുള്ളത്. കേരളത്തിലാകെ 2200 സംഘങ്ങളുണ്ട്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സാണ് കൺവീനർ, ഫാമിലി വെൽഫെയർ സെന്ററുകളാണ് കേന്ദ്രം. പബ്ലിക് ഹെൽത്ത് സെന്ററിന്റെ കീഴിൽത്തന്നെയാണ് ഇത് പ്രവർത്തിച്ചുവരുന്നത്. സംഘം രൂപീകരിച്ചാൽ ഒരു ഹ്രസ്വകാല പരിശീലനം നൽകും. അതുകഴിഞ്ഞാൽ മാസത്തിലൊരിക്കൽ ഒരു തുടർപരിശീലനവും നൽകുന്നുണ്ട്. ഈ സംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് കേരളാ ഹെൽത്ത് സർവ്വീസസ് മഹിളാ സ്വസ്ത് സംഘ് യൂണിയൻ എല്ലാ വർഷവും വാർഷികവും ജില്ലാതല സമ്മേളനവും ക്യാമ്പുകളുമൊക്കെ ഭംഗിയായി നടത്തുന്നുണ്ട്. അതിന്റെ പ്രസിഡന്റ് ഇ. തങ്കമണിയമ്മയും ജനറൽ സെക്രട്ടറി ആർ. തങ്കമണിയുമാണ്. അവർക്ക് പ്രവർത്തനസ്വാതന്ത്ര്യം കിട്ടുന്നതിനുവേണ്ടി ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുക, ഓണറേറിയം അനുവദിക്കുക എന്നീ രണ്ട് ആവശ്യങ്ങളും അനുവദിക്കണം. അതിൽ അനുകൂലമായിട്ട് തീരുമാനമെടുക്കണമെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യമന്ത്രിക്ക് 7.4.'98-ലും 16.2.'99-ലും നമ്മുടെ ആരോഗ്യവകുപ്പുമന്ത്രി കത്തെഴുതി. പക്ഷെ ഒരു ഫലവും ഉണ്ടായിട്ടില്ല. ഐഡന്റിറ്റി കാർഡ് കൊടുക്കുന്നതിന് സർക്കാർ ഉത്തരവും ഇറക്കിയിട്ടില്ല. ഞാൻ, വേദനയോടുകൂടി ഒരു കാര്യം അറിയിക്കട്ടെ. ഏതോ ഒരു പുരുഷൻ പ്രസിഡന്റാണെന്നു പറഞ്ഞ് കേരള മഹിളാ സ്വസ്ത് സംഘ് യൂണിയന്റെ പേരിൽ ഏതാനും കാർഡുകൾ അച്ചടിച്ച് കോട്ടയം ജില്ലാ മെഡിക്കൽ

[11 A.M]

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസർ ഒപ്പിട്ട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പതിനഞ്ചു പേർക്ക് ഐഡന്റിറ്റി കാർഡ് കൊടുത്തു എന്ന ആക്ഷേപം കൂടി ഇപ്പോൾ നിലവിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയെ ആരെങ്കിലും പറ്റിച്ചോ എന്നറിയില്ല. ഇ. തങ്കമണിയമ്മ പ്രസിഡന്റായും ആർ. തങ്കമണി ജനറൽ സെക്രട്ടറിയുമായിട്ടുള്ള ഈ മഹിളാ സ്വസ്ത് സംഘ് യൂണിയന് സർക്കാർ ഉത്തരവിറക്കി ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുക, ഓണറേറിയം അനുവദിക്കുക എന്നീ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, കേന്ദ്ര ഗവണ്മെന്റിന്റെ ഒരു സ്കീമാണിത്. ഇതു നമ്മുടെ സാമൂഹ്യപ്രവർത്തകരെ സംഘടിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളും അതുപോലെയുള്ള പ്രവർത്തനങ്ങളും പരിശോധിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് നിശ്ചയിച്ച ഒരു കമ്മിറ്റിയുണ്ട്. സ്ഥലത്തെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, അംഗൻവാടി പ്രവർത്തക, സാക്ഷരതാ പ്രവർത്തക, ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപിക, ഗ്രാമസേവിക തുടങ്ങി കേരളത്തിലെ പത്തുപതിനഞ്ച് തെരഞ്ഞെടുക്കപ്പെട്ട സാമൂഹ്യതല്പരരായ സ്ത്രീകൾക്ക് ഓണറേറിയം കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തു. കേരളത്തിലെ സാമൂഹ്യ രംഗത്തു പ്രവർത്തിക്കുന്നവരെ നിരുൽസാഹപ്പെടുത്താൻ ഒരു കാരണവശാലും ഇടവരുത്തിക്കൂടാ. അവരെ പ്രോൽസാഹിപ്പിക്കണം. ഈ കമ്മിറ്റികളുടെ മീറ്റിംഗ് വിളിക്കുന്നതിനും അവർക്കാവശ്യമായ ചായ സൽക്കാരം മുതലായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും ആയിരത്തി മുന്നൂറോളം രൂപ കേന്ദ്ര ഗവണ്മെന്റ് അനുവദിച്ചിട്ടുണ്ട്. ഇതു പൂർണ്ണമായും കേന്ദ്ര ഗവണ്മെന്റ് സ്കീമാണ്. ഇതു സംബന്ധിച്ച് പല ഘട്ടങ്ങളിലും നിവേദനങ്ങൾ ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ സമരങ്ങളും നടത്താറുണ്ട്. ഈ സമരങ്ങളിൽ ധാരാളം ആളുകൾ പങ്കെടുത്തിട്ടുണ്ട്. അങ്ങനെ പങ്കെടുത്തവർ എന്നെ വന്നു കണ്ടിരുന്നു. ഞാനും അവരുടെ സമ്മേളനങ്ങളിൽ പങ്കെടുത്തതാണ്. രാഷ്ട്രീയം നോക്കിയിട്ടല്ല. വസ്തുതകൾ അവരോട് വിശദീകരിച്ചിട്ടുണ്ട്. പൊതുസമ്മേളനത്തിൽ പങ്കെടുക്കാൻ എന്നെ വന്നു ക്ഷണിച്ച ആളുകളെ എനിക്കറിയാം. ഞാൻ പോയി വിശദമായി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ആയിരത്തോളം ആളുകൾ സജീവമായി ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നുണ്ട്. സാമൂഹ്യക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി ഇത്തരത്തിലുള്ള ആളുകൾക്ക് ഓണറേറിയം വർദ്ധിപ്പിക്കണമെന്ന നിവേദനം എനിക്കു തന്നു. ഇതു കേന്ദ്ര ഗവണ്മെന്റാണ് നിശ്ചയിക്കേണ്ടത്. സംസ്ഥാന ഗവണ്മെന്റിന്റെ പദ്ധതിയല്ല. ഇതു സംബന്ധിച്ച് കേന്ദ്ര ഗവണ്മെന്റിൽ കൊടുത്ത മെമ്മോറാണ്ടം അവർ ഇങ്ങോട്ടു ഫോർവേർഡു ചെയ്തുകൊണ്ട് സംസ്ഥാന ഗവണ്മെന്റ് പരിശോധിക്കാൻ പറഞ്ഞു. എന്നെ സമീപിച്ച നിവേദക സംഘത്തോടു സംസ്ഥാന ഗവണ്മെന്റ് അതു റെക്കമന്റ് ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. രണ്ടാമത്തെ കാര്യം ഗവണ്മെന്റ് പരിശോധിച്ചു. ഐഡന്റിറ്റി കാർഡ് കൊടുക്കുന്നതു സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട രണ്ടു യൂണിയന്റെ ആളുകളുടെ യോഗം വിളിച്ചു. ഒരു യൂണിയൻ പങ്കെടുത്തില്ല. പങ്കെടുക്കാത്തത് എന്താണെന്നറിഞ്ഞുകൂടാ. വീണ്ടും അവരെ വിളിക്കാൻ വേണ്ടി യോഗം മാറ്റിവച്ചു. സാമൂഹ്യപ്രവർത്തനസംഘടനയാണെങ്കിലും ട്രേഡ് യൂണിയൻ സംഘടനയാണെങ്കിലും സാമൂഹ്യക്ഷേമ സംഘടനയാണെങ്കിലും രജിസ്റ്റേർഡ് സംഘടനയാണെങ്കിൽ ആ സംഘടനകളെ വിളിച്ച് തീരുമാനിക്കാനേ കഴിയൂ. ഒരു സംഘടനയെ മാത്രമേ വിളിക്കാവൂ എന്ന നിർബന്ധം ഉണ്ട്. ആ പോരായ്മ ഗവണ്മെന്റിന്റെ ഭാഗത്തല്ല. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

അംഗം ഇക്കാര്യം അവരെ ബോധ്യപ്പെടുത്തണം. ഐഡന്റിറ്റി കാർഡ് കൊടുക്കുന്നതിനുള്ള ഗവണ്മെന്റിന്റെ ചർച്ചയെപ്പോലും തുരങ്കം വച്ചത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണം. അതിൽ രാഷ്ട്രീയമില്ല. പരിശോധിച്ച് തീരുമാനിക്കാം.

(15) അലോപ്പതി നഴ്സുമാർ നടത്തുന്ന സെക്രട്ടേറിയറ്റിനു മുന്നിലെ സമരം

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, അലോപ്പതി വിഭാഗത്തിലെ നഴ്സുമാർ ഇപ്പോൾ സെക്രട്ടേറിയറ്റ് നടയിൽ സമരത്തിലാണ്. പ്രതാപൻ കമ്മിഷൻ റിപ്പോർട്ടനുസരിച്ച് അവർക്ക് പ്രൊമോഷൻ കൊടുക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതനുസരിച്ചുള്ള പ്രൊമോഷൻ കൊടുക്കാത്തതുകൊണ്ടാണ് അവർ സമരം നടത്തുന്നത്. 10-ാം കേരള നിയമസഭയിൽ അങ്ങ് അവർക്ക് പ്രൊമോഷൻ നടപ്പാക്കുമെന്ന് ഉറപ്പ് കൊടുത്തിരുന്നു. നാളിതുവരെ അത് പാലിച്ചിട്ടില്ല. നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേക്കും ഹെഡ് നഴ്സ് തസ്തികയിലേക്കുമാണ് പ്രൊമോഷൻ ലഭിക്കേണ്ടത്. നഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ എൺപതോളം ഒഴിവുകളുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ അഞ്ച് ഒഴിവുകളുണ്ട്. 1998 സെപ്റ്റംബർ മുതൽ ഇതുവരെയായി ഒരു പ്രൊമോഷൻപോലും നടത്തിയിട്ടില്ല. ഹെഡ് നഴ്സ് തസ്തികയിലേക്കാണെങ്കിൽ 1998 മാർച്ചിനുശേഷം ഒരൊറ്റ പ്രൊമോഷനും നടത്തിയിട്ടില്ല. പ്രൊമോഷനു അർഹതപ്പെട്ടവർ പ്രൊമോഷൻ ലഭിക്കാതെ റിട്ടയർ ചെയ്തു പോകുകയാണ്. ഈ ദുഃസ്ഥിതിക്ക് അവസാനമുണ്ടാകണം. വാഗ്ദാനം പോരാ. നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, പ്രതാപൻ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കുമെന്ന വാഗ്ദാനം ഈ ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് നിറവേറ്റിയിട്ടുണ്ട്. 11.5.'98-ലും 2.11.'98-ലും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. നഴ്സുമാരെ സംബന്ധിച്ചിടത്തോളം ഗസറ്റഡ് തസ്തികകൾ വളരെ കൂടുതലാണ്. ഡോക്ടർമാർ അടക്കമുള്ള സംഘടനകൾക്ക് അതിനെപ്പറ്റി ആക്ഷേപമുണ്ട്. ഡോക്ടർമാർക്കുപോലും ലഭിക്കാത്ത തരത്തിലുള്ള ശമ്പളസ്കെയിലും തസ്തികകളുമാണ് നഴ്സുമാർക്ക് അനുവദിച്ചിരിക്കുന്നത് എന്ന് കെ.ജി.എം.ഒ.യുടെ സ്റ്റേറ്റുമെന്റ് പത്രത്തിൽ വന്നിരുന്നു. ഡി.പി.സി.യുടെ തീരുമാനം സംബന്ധിച്ച് ഇവിടെ പറഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞ കുറെ കൊല്ലങ്ങളായി ഡി.പി.സി. കൂടാറില്ലായിരുന്നു. ഇപ്പോൾ ഡി.പി.സി. കൂടാനുള്ള നടപടി നടക്കുകയാണ്. ഡി.പി.സി. കൂടാനുള്ള കാലതാമസമാണ് ഇതിനുള്ള കാരണം. ഡി.പി.സി. കൂടി ഒരു ദിവസം കൊണ്ട് പരിഹരിക്കാൻ കഴിയുന്ന പ്രശ്നമല്ല ഇത്. ഗവണ്മെന്റ് നയപരമായി തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. കഴിഞ്ഞ ഗവണ്മെന്റ് നഴ്സിംഗ് സ്റ്റുഡന്റ്സിനുള്ള സ്റ്റൈപ്പന്റ് നിർത്തലാക്കി. ഈ ഗവണ്മെന്റ് അത് പുനഃസ്ഥാപിച്ചു കൊടുത്തു. ഇത്തരം ആനുകൂല്യങ്ങളും നടപടികളും ഒരു കാലത്തുമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട അംഗത്തിന്റെ സംഘടന ഇക്കാര്യത്തിൽ കാണിക്കുന്ന വിവരം അവർ പ്രതീക്ഷിക്കുന്ന രീതിയിൽ മുന്നോട്ടു പോകുന്നതിൽ ഗവണ്മെന്റ് അമാന്തം വരുത്തിയിട്ടില്ല. ഗവണ്മെന്റ് ഇക്കാര്യം പ്രത്യേകം പരിശോധിക്കാം. *(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)*

LIBRARY ARCHIVES Kerala Legislative Assembly